## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1431 — 11.08.2017 ൽ മറുപടിയ്ക്ക്

### "കീടനാശിനികളുടെ വിൽപനയിലും വിതരണത്തിലും നിയന്ത്രണം"

**ചോദ്യം**
ശ്രീ.മഞ്ഞളാംകുഴി അലി

**ഉത്തരം**
ശ്രീ. വി.എസ് സുനിൽകുമാർ
(ബഹു. കൃഷി വകുപ്പ് മന്ത്രി)

(എ) ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കീടനാശിനികളുടെ വിൽപനയിലും വിതരണത്തിലും എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നിയന്ത്രണങ്ങൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളത്;

എ) ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന കീടനാശിനികളുടെ വിൽപനയിലും വിതരണത്തിലും അനുശാസിക്കുന്ന നിയന്ത്രണങ്ങൾ പ്രകാരം എല്ലാ ഗാർഹിക കീടനാശിനി വിതരണക്കാരും കൃഷി വകുപ്പിൽ നിന്നും കീടനാശിനി വിൽപന /വിതരണത്തിനുള്ള ലൈസൻസ് നേടിയിരിക്കേണ്ടതും പകർപ്പ് റീട്ടെയിൽ ഷോപ്പുകളിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. കൃഷി വകുപ്പ് ലൈസൻസ് നൽകിയിട്ടുള്ള വിതരണക്കാരിൽ നിന്നുള്ള അംഗീകൃത ഗാർഹിക കീടനാശിനി ഉൽപന്നങ്ങൾ മാത്രമേ റീട്ടെയിൽ ഷോപ്പുകളിൽ സൂക്ഷിക്കുവാനും വിൽപന നടത്തുവാനും പാടുള്ളൂ. റീട്ടെയിൽ ഷോപ്പുകൾ വിതരണക്കാർ നൽകിയിട്ടുള്ള കീടനാശിനികളുടെ ലിസ്റ്റ് അടങ്ങിയ ലൈസൻസിന്റെ പകർപ്പ് അതാത് കൃഷിഭവനുകളിലെ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്. ഷോപ്പുകളിൽ ഗാർഹിക കീടനാശിനികൾ വിൽക്കുമ്പോൾ അവ മറ്റ് നിത്യോപയോഗ വസ്തുക്കളുമായി ഇടകലർത്താതെ പ്രത്യേക റാക്കുകളിൽ മാത്രം സൂക്ഷിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ നിയന്ത്രണമേർപ്പെടുത്തിയതിന്റെ ഉദ്ദേശ്യമെന്താണ്; ഇത് മൂലം ഇവയുടെ വിലയിൽ ഏതെങ്കിലും തരത്തിലുള്ള വർദ്ധനവുണ്ടായിട്ടുണ്ടോയെന്നും ലഭ്യതക്കുറവ് ഉണ്ടായിട്ടുണ്ടോയെന്നും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇതിന്റെ ഫലമായി വിപണിയിൽ ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ?

(ബി) കീടനാശിനികളുടെ വിൽപനയിലും വിതരണത്തിലും കർശന നിയന്ത്രണങ്ങൾ നിലവിലുണ്ട്. ഗാർഹിക കീടനാശിനികളും കാർഷികാവശ്യത്തിനുള്ള കീടനാശിനികളെപ്പോലെ കേന്ദ്ര കീടനാശിനി നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ കീടനാശിനികളുടെ ഉൽപാദനം, വിതരണം, വില്പന എന്നിവയുള്ള പൊതു നിയന്ത്രണങ്ങൾ ഇവയ്ക്കും ബാധകമാണ്. എന്നാൽ സുരക്ഷിത പാക്കറ്റുകളിൽ വിതരണം ചെയ്യപ്പെടുന്ന ഗാർഹിക കീടനാശിനികൾക്ക് മറ്റ് ഉപഭോഗവസ്തുക്കൾക്കൊപ്പം സ്റ്റോക്ക് ചെയ്യുന്നതിലും വിൽപന നടത്തുന്നതിലും ഇളവ് അനുവദിച്ചിട്ടുണ്ട്. ഈ പഴുത് ഉപയോഗിച്ച് എല്ലാത്തരം ഷോപ്പുകളിലും ഗാർഹിക കീടനാശിനികൾ നിർബാധം ലഭിക്കുന്ന അവസ്ഥയുണ്ടായി. ഇവയുടെ മേൽ കാര്യമായ നിയന്ത്രണം സാധ്യമായില്ല. എന്നാൽ ഗാർഹിക കീടനാശിനികളിൽ പലതും നല്ല വിഷാംശം ഉള്ളതും ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതുമാണ്. മാത്രമല്ല, അംഗീകൃത കീടനാശിനി ഡിപ്പോയിലൂടെയുള്ള കീടനാശിനി വിൽപ്പനയ്ക്ക് കർശന നിയന്ത്രണമേർപ്പെടുത്തിയപ്പോൾ

ലൈസൻസില്ലാത്ത ഷോപ്പുകളിലൂടെയും മറ്റും കീടനാശിനികൾ ഒരു നിയന്ത്രണവുമില്ലാതെ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽ പെട്ടിരുന്നു.ഈ വസ്തുതകൾ കണക്കിലെടുത്താണ് ഗാർഹിക ആവശ്യത്തിനുള്ള കീടനാശിനി വിതരണത്തിലും വിൽപ്പനയിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ഈ നിയന്ത്രണങ്ങൾ മൂലം ഗാർഹിക കീടനാശിനികളുടെ വിലയിൽ എന്തെങ്കിലും വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. റീട്ടെയിൽ ഷോപ്പുകൾക്ക് ആദ്യഘട്ടത്തിൽ ലൈസൻസ് നിർബന്ധമാക്കിയിട്ടില്ലാത്തതിനാൽ ഷോപ്പുകളിലെ ഉൽപ്പന്ന ലഭ്യതയിലും കുറവ് ഉണ്ടായിട്ടില്ല. എന്നാൽ ലൈസൻസ് ഇല്ലാത്ത വിതരണക്കാർക്ക് ഗാർഹിക കീടനാശിനികൾ വിൽക്കുന്നതിന് തടസ്സം ഉണ്ടായിട്ടുണ്ട്.

സംസ്ഥാനത്ത് എല്ലാത്തരം കീടനാശിനികളുടെയും വില്പനയിലും വിതരണത്തിലും നിയന്ത്രണം കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് ഈ നടപടി കൈക്കൊണ്ടിട്ടുള്ളത്.

Deepthi

**സെക്ഷൻ ഓഫീസർ**